## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 3579 — 12.05.2017 -ൽ മറുപടിക്ക്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ഓൺലൈൻ രജിസ്ട്രേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ജി.എസ്.ജയലാൽ<br>,, വി.ആർ. സുനിൽ കുമാർ<br>,, മുഹമ്മദ് മുഹസിൻ പി. | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ രജിസ്ട്രേഷൻ ഓൺലൈനാക്കുന്നതിന് സർക്കാരിന് പദ്ധതിയുണ്ടോ വ്യക്തമാക്കുമോ;<br>(ബി) ഓൺലൈൻ രജിസ്ട്രേഷൻ എപ്പോൾ സാധ്യമാകും എന്നറിയിക്കുമോ; | (എ) യും (ബി) യും സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ രജിസ്ട്രേഷൻ 03.05.2017 മുതൽ ഓൺലൈൻ ആയിട്ടുണ്ട്. www.employment.kerala.gov.in എന്ന വെബ്സൈറ്റ് വഴി ഏതു സമയത്തും ഈ സേവനം ലഭ്യമാണ്. |
| (സി) രജിസ്ട്രേഷൻ ഓൺലൈനാക്കുന്നതോടു കൂടി എന്തൊക്കെ മെച്ചമാണുണ്ടാവുന്നതെന്ന് അറിയിക്കുമോ; | (സി) ഉദ്യോഗാർത്ഥികൾക്ക് ഏതു സമയത്തും ഇന്റർനെറ്റിലൂടെ രജിസ്ട്രേഷൻ വിവരങ്ങൾ ഉൾപ്പെടുത്താവുന്നതും സർട്ടിഫിക്കറ്റുകളുടെ സാധുതയ്ക്ക് വിധേയമായി സീനിയോറിറ്റി ഉറപ്പാക്കാവുന്നതുമാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പേപ്പർരഹിതമാകുന്നതോടെ പൊതുജനങ്ങൾക്ക് സേവനങ്ങൾ വേഗത്തിലും, കൃത്യതയോടെയും, സുതാര്യമായും ലഭ്യമാകുന്നതാണ്. മാത്രമല്ല, തങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ചും തൊഴിൽ സാധ്യത സംബന്ധിച്ചുമുള്ള വിവരങ്ങൾ വിരൽത്തുമ്പിൽ ലഭ്യമാകുന്നത് പൊതുജനങ്ങൾക്ക് വളരെയധികം ഗുണകരമായിരിക്കും. |

(ഡി) സ്വകാര്യ മേഖലയിലെ തൊഴിലുകൾകൂടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കുമോ?

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ഓൺലൈൻ ആകുന്നതോടെ സ്വകാര്യ മേഖലയിലെ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കുന്നതിനും ലിസ്റ്റ് നൽകുന്നതിനുമുള്ള കാലതാമസം ഒഴിവാക്കി യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭ്യമാക്കുന്നതിന് കഴിയുന്നതാണ്. സ്വകാര്യ മേഖലയിലെ ഒഴിവുകൾ നോട്ടിഫൈ ചെയ്യുന്നതിനും അതുവഴി തൽപരരായ ഉദ്യോഗാർത്ഥികൾക്ക് അനുയോജ്യമായ ജോലി കണ്ടെത്തുന്നതിനും ഉദ്യോഗദായകർക്ക് അനുയോജ്യരായ ഉദ്യോഗാർത്ഥികളെ ലഭ്യമാക്കുന്നതിലേക്കുമായി ഒരു പ്രൈവറ്റ് ജോബ് പോർട്ടൽ താമസിയാതെ നിലവിൽ വരുന്നതാണ്. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന എംപ്ലോയബിലിറ്റി സെന്ററുകൾ വഴി നടത്തുന്ന ജോബ് ഫെസ്റ്റ്/ജോബ് ഫെയർ വഴി സ്വകാര്യ മേഖലയിൽ ഉദ്യോഗാർത്ഥികൾക്ക് തൊഴിലവസരം ലഭിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

സെക്ഷൻ ഓഫീസർ